**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4270** **28-06-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോട് ജില്ലയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോട് ജില്ലയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എപ്പോഴാണ് ഭരണാനുമതി ലഭിച്ചതെന്നും ഭരണാനുമതി തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | 12.03.2020 ലെ സ.ഉ (സാധാ) നമ്പർ 205/2020/ നികുതി പ്രകാരം 5.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | വർഷങ്ങൾക്ക് മുമ്പാണ് ഭരണാനുമതി ലഭിച്ചതെങ്കിൽ നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത ഭൂമിയിൽ കയ്യേറ്റം ഉണ്ടായതിനാൽ സ്ഥലത്തിന്റെ കാര്യത്തിൽ വ്യക്തത ഇല്ലാതിരുന്നതിനാലാണ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാതിരുന്നത്. ആയത് നിലവിൽ പരിഹരിക്കുകയും ഡ്രാഫ്റ്റ് പ്ലാൻ വൈകാതെ തന്നെ ലഭ്യമാക്കാമെന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുള്ളതുമാണ്. |
| (ഡി) | എക്സൈസ് കോംപ്ലക്സ് സ്ഥാപിക്കുന്നത് എവിടെയാണെന്നും അതിനാവശ്യമായ ഭൂമി ലഭ്യമായതെങ്ങനെയെന്നും വ്യക്തമാക്കാമോ; | (ഡി) | കാസർഗോഡ് വില്ലേജിൽ പഴയ പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം പുലിക്കുന്ന് എന്ന സ്ഥലത്ത് 10-12-1981 ലെ G.O (Rt) No. 2090/81/RD പ്രകാരം ലഭ്യമായ 50 സെന്റ് വസ്തുവിലാണ് എക്സൈസ് കോംപ്ലംക്സ് നിർമ്മിക്കുന്നത്. |
| (ഇ) | പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിൽ എന്തെങ്കിലും തർക്കം ഉണ്ടായിട്ടുണ്ടോ; എങ്കിൽ തർക്കം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ അതോ പരിഹരിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത സ്ഥലത്തെ ടൂറിസം വകുപ്പിന്റെ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. 50 സെന്റ് ഉണ്ടായിരുന്ന വസ്തു നിലവിൽ 46.5 സെന്റുണ്ട്. 3.5 സെന്റ് സ്ഥലം കുറഞ്ഞതിന്റെ കാരണം ആരാഞ്ഞ് കാസർഗോഡ് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ